പാട്ടക്കരാറിൽ ഉൾപ്പെടുത്തണമെന്ന് ടീകോം ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാർ ഫ്രെയിംവർക്ക് എഗ്രിമെന്റ് പറഞ്ഞിരിക്കുന്ന clause 5.4 മാനിക്കുമെന്ന് പല പ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം പരിഹരിക്കുന്നതിനായി അവരുമായി പലവട്ടം ചർച്ചകൾ നടത്തുകയുണ്ടായെങ്കിലും ഇക്കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടില്ല. തുടർന്ന് പല പ്രാവശ്യം ശ്രമിച്ചിട്ടും പദ്ധതി ആരംഭിക്കുന്നതിനായി അവർ സ്വീകരിക്കേണ്ട നടപടികളൊന്നും കൈക്കൊള്ളാതിരുന്നതിനാൽ അതുസംബന്ധിച്ച് അവർക്ക് 3-9-2010-ൽ അന്തിമ നോട്ടീസ് അയയ്ക്കുകയും അതിന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ 2-12-2012-ൽ വീണ്ടും നോട്ടീസ് കൊടുക്കുകയും 10 ദിവസത്തിനകം മറുപടി നൽകാൻ ആവശ്യപ്പെടുകയും ചെയ്തെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ടീകോമുമായി ചർച്ച തുടരാൻ NORKA വൈസ് ചെയർമാനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി-ഇ) സ്മാർട്ട്സിറ്റിക്ക് പകരം സർക്കാർ പുതിയ സംരംഭങ്ങൾ ആലോചിച്ചിട്ടില്ല. എന്നാൽ കൊച്ചി ഇൻഫോപാർക്കിന്റെ ഒന്നും രണ്ടും ഘട്ടവികസനങ്ങൾ പൂർത്തിയാകുമ്പോൾ ഏകദേശം 1,10,000 ത്തിൽപ്പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

റേഷൻ വിതരണത്തെക്കുറിച്ചുള്ള പരാതികൾ

7 (*7) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൻ. രാജൻ :
ശ്രീ. ബാബു പോൾ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വിതരണത്തെക്കുറിച്ചുള്ള പരാതികൾ യഥാസമയം പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളുണ്ട് ; എത്ര ഓപ്പൺ ഫോറങ്ങൾ നടത്തി ; ഇതിലൂടെ എത്ര പരാതികൾക്കു തീർപ്പു കൽപ്പിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഗുണനിലവാരമുള്ള ഭക്ഷ്യസാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും കാർഡുടമകൾക്കു ലഭ്യമാക്കാൻ ഏർപ്പെടുത്തിയ സംവിധാനങ്ങൾ വിശദമാക്കുമോ ;

(സി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ വിതരണത്തിൽ എത്ര ക്രമക്കേടുകൾ കണ്ടെത്തി ; പ്രസ്തുത ക്രമക്കേടുകൾ നടത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) റേഷൻ വിതരണം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് വിപുലമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഹെൽപ്പ് ലൈനിൽ (1800 425 1550) ലഭിക്കുന്ന പരാതികൾ ഉടൻ തീർപ്പാക്കാനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ആയി ലഭിക്കുന്ന പരാതികൾ ഉടൻ തന്നെ ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർ/താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് അയച്ചു കൊടുക്കുകയും സമയബന്ധിതമായി പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നു. ജില്ലാതലത്തിൽ ചേരുന്ന ഓപ്പൺഫോറത്തിലും റേഷൻ അദാലത്തിലും ലഭിക്കുന്ന പരാതികൾ തത്സമയം തന്നെ തീർപ്പാക്കുന്നു. ഓപ്പൺ ഫോറത്തിൽ ലഭിച്ച 142 പരാതികൾ ഉടൻതന്നെ പരിഹരിച്ചിട്ടുണ്ട്. താലൂക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും സംഘടിപ്പിച്ചിട്ടുള്ള ഭക്ഷ്യ ഉപദേശക വിജിലൻസ് സമിതിയിലും പരാതി പരിഹാരത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഏതു ഉദ്യോഗസ്ഥന്റെ മുമ്പാകെയും പരാതി സമർപ്പിക്കാവുന്നതും പരിഹാരം തേടാവുന്നതുമാണ്.

(ബി) ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും സിവിൽ സപ്ലൈസ് വകുപ്പ് ചെയ്തിട്ടുണ്ട്. എഫ്.സി.ഐ. യുടെ ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുള്ള അരി, ഗോതമ്പ് എന്നിവയുടെ ഗുണനിലവാരം അതാത് ജില്ലാ സപ്ലൈആഫീസർമാർ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമേ മൊത്തവ്യാപാരികൾക്ക് നൽകാവൂ എന്ന് നിഷ്കർഷിക്കുകയും അപ്രകാരം ബന്ധപ്പെട്ട ജില്ലാ സപ്ലൈഓഫീസർമാർ പരശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കി വരികയും ചെയ്യുന്നു. ഏതെങ്കിലും കാരണവശാൽ ഗുണമേന്മ കുറഞ്ഞ സ്റ്റോക്ക് ലഭ്യമായതായി കണ്ടാൽ ആയത് വിതരണം ചെയ്യാതെ മാറ്റിവയ്ക്കാനും എഫ്.സി.ഐ. ക്ക് മടക്കിക്കൊടുത്ത് നല്ല സ്റ്റോക്ക് വാങ്ങാനും നിർദ്ദേശമുണ്ട്. എഫ്.സി.ഐ. യിൽ നിന്നും കുത്തരി വിതരണം ചെയ്യുന്ന മില്ലുകളിൽ നിന്നും സീൽ ചെയ്ത സാമ്പിളുകൾ നൽകാനും ആയത് റേഷൻ മൊത്ത വ്യാപാര കേന്ദ്രങ്ങളിലും അവിടെ നിന്നും നൽകുന്ന സാമ്പിളുകൾ ചില്ലറമൊത്ത വ്യാപാരകേന്ദ്രങ്ങളിലും പ്രദർശിപ്പിക്കാനും നിർദ്ദേശം നൽകുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു. ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ലീഗൽ മെട്രോളജി വകുപ്പ് മിന്നൽ പരിശോധന നടത്താറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനകളിൽ, റേഷൻ വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ച 2291 കേസുകൾ കണ്ടെത്തി, കുറ്റക്കാരിൽ നിന്നും 29,53,450 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6/10 വരെ സംസ്ഥാനമൊട്ടാകെ പൊതുവിതരണ കേന്ദ്രങ്ങളിൽ 597372 പരിശോധനകൾ നടത്തുകയും ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് 62 ഭക്ഷ്യധാന്യ മൊത്ത വ്യാപാരികളെയും 59 മണ്ണെണ്ണ മൊത്തവ്യാപാരികളെയും 803 റേഷൻ കടകളെയും സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അവയിൽ 1 എ.ഡബ്യൂ.ഡി.യും 2 കെ.ഡബ്യൂ.ഡി.യും 40 എ.ആർ.ഡി. കളെയും ക്യാൻസൽ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly